# NIRMALAGIRI COLLEGE, KUTHUPARAMBA
## PG ADMISSION 2022-23
## GUIDELINES FOR COMMUNITY MERIT REGISTRATION

- റോമൻ കാത്തലിക് സീറോ മലബാർ ക്രിസ്ത്യൻ കമ്മ്യൂണിറ്റിയിൽ (RCSC) ഉൾപ്പെടുന്നവരാണ് നിർമലഗിരി കോളേജിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ അപേക്ഷിക്കേണ്ടത്.

- അപേക്ഷകൾ ഓൺലൈൻ ആയാണ് സമർപ്പിക്കേണ്ടത്. അപേക്ഷയ്ക്ക് പ്രത്യേകം ഫീസ് അടയ്ക്കേണ്ടതില്ല. രജിസ്ട്രേഷൻ ഫോം വിദ്യാർത്ഥിയുടെ പേരിലുള്ള ഇമെയിൽ ID ഉപയോഗിച്ച് ഓപ്പൺ ചെയ്യുക.

- ഓരോ വിഷയത്തിലും മൊത്തം സീറ്റിന്റെ 10 ശതമാനമാണ് കമ്മ്യൂണിറ്റി ക്വാട്ടയിൽ ഉള്ളത്. പ്രവേശനം പൂർണമായും മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും.

- കോളേജിൽ ലഭിക്കുന്ന അപേക്ഷകരിൽ നിന്ന് ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി കോളേജ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

- കമ്മ്യൂണിറ്റി മെറിറ്റിൽ പ്രവേശനം ലഭിക്കുന്നവർ അഡ്മിഷൻ സമയത്ത് പാരിഷ് പ്രീസ്റ്റ് അല്ലെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

- കണ്ണൂർ യൂണിവേഴ്സിറ്റി അഡ്മിഷൻ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ശേഷം മാത്രമേ കമ്മ്യൂണിറ്റി ക്വാട്ടയിൽ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ.

- യൂണിവേഴ്സിറ്റി അപേക്ഷയിൽ നിർമലഗിരി കോളേജിലെ ഏതൊക്കെ വിഷയങ്ങൾക്കാണോ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ആ വിഷയങ്ങൾക്ക് മാത്രമേ കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം ലഭിക്കുകയുള്ളൂ.

- കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒന്നിൽ കൂടുതൽ അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല.

- അപേക്ഷയിൽ 4 സെക്ഷനുകൾ ഉണ്ട്. ഓരോ സെക്ഷനും വെരിഫൈ ചെയ്തശേഷം മാത്രമേ അടുത്ത സെക്ഷനിലേക്കു പോകാവൂ. അപേക്ഷ എഡിറ്റ് ചെയ്യുവാൻ സാധ്യമല്ല.

- അപേക്ഷയോടൊപ്പം യൂണിവേഴ്സിറ്റി ആപ്ലിക്കേഷൻ പ്രിന്റൗട്ടിന്റെ മുഴുവൻ പേജുകളും (സ്കാൻഡ് കോപ്പി PDF) അപ്ലോഡ് ചെയ്യേണ്ടതാണ്. അപ്ലോഡ് ചെയ്യുന്ന ഫയലുകൾ പൂർണവും വ്യക്തവും ആയിരിക്കണം.

- കമ്മ്യൂണിറ്റി ക്വാട്ട രജിസ്ട്രേഷന്റെ ഒരു കോപ്പി ഇമെയിലിൽ ലഭിക്കും. ഇമെയിൽ ലഭിച്ചെങ്കിൽ മാത്രമേ അപേക്ഷ സമർപ്പിക്കപ്പെടുകയുള്ളൂ. അപേക്ഷയിൽ കൊടുക്കുന്ന ഇമെയിൽ അഡ്രസ് ശരിയാണെന്ന് ഉറപ്പുവരുത്തുക. അപേക്ഷ സമർപ്പിച്ചു 5 മിനുട്ടിനുള്ളിൽ ഇമെയിൽ ലഭിച്ചില്ലെങ്കിൽ ഹെല്പ് ലൈൻ നമ്പറിൽ വിളിക്കുക. എന്തെങ്കിലും തിരുത്തലുകൾ ആവശ്യമെങ്കിൽ അന്നുതന്നെ ഹെല്പ് ലൈൻ നമ്പറിൽ വിളിക്കേണ്ടതാണ്.

- കമ്മ്യൂണിറ്റി ക്വാട്ടയിൽ അപേക്ഷ സമർപ്പിയ്ക്കുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും പേരും രജിസ്റ്റർ നമ്പറും യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ അവസാനിച്ചാൽ ഉടൻതന്നെ കോളേജ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. പ്രസ്തുത ലിസ്റ്റിൽ പേരുണ്ടെന്ന് എല്ലാ വിദ്യാർത്ഥികളും ഉറപ്പുവരുത്തേണ്ടതാണ്.

**Admission Helpline**

- **Fr. Dr. Martin Joseph (Assistant Professor & Head, Dept. of Malayalam), Mob: 9495125827**
- **Sri. Manu K M (Assistant Professor, Dept. of Economics), Mob: 9847240383**

**Register Now :** https://nirmalagiricollege.ac.in/academics/admission/pg